പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8001 — 24.07.2012 ൽ മറുപടിയ്ക്ക്

## നികുതി കുടിശ്ശിക

| ചോദ്യം<br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ടി. പി. സെൻകുമാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹനവകുപ്പ് കാര്യക്ഷമമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടികളുടെ അടിസ്ഥാനത്തിൽ ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെല്ലാം; | (എ) | ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പുതുതായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുകയും മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു, എല്ലാ സർവ്വീസും എല്ലാ കൗണ്ടറുകളിലും ലഭ്യമാക്കി. വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ് പരിപാടി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഫയലിംഗ് ഇ-പേയ്മെന്റ് സംവിധാനം, റഡാർ സർവൈലൻസ് സംവിധാനം എന്നിവ ഏർപ്പെടുത്തി. കൂടാതെ വാഹന പരിശോധന കേന്ദ്രവും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചു.<br>വാഹന പരിശോധന കർശനമാക്കുന്നതിനും അതു വഴി നിയമ ലംഘനങ്ങൾ കുറച്ചു കൊണ്ട് വരുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം മൂലം സാധിക്കുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, കാര്യക്ഷമവുമാകുകയും ഇടനിലക്കാരുടെ ഇടപെടൽ കുറച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ഓഫീസുകളിൽ ചെന്ന് നേരിട്ട് ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിനും ഇത്തരം നടപടികളിലൂടെ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വകുപ്പ് മുഖേന സമാഹരിക്കാനുള്ള നികുതി കുടിശ്ശിക 2010-11, 2011-12 വർഷങ്ങളിലേക്ക് എത്ര വീതമാണ്; | (ബി) | 2010-2011 സാമ്പത്തിക വർഷം 157.39 കോടി രൂപയും, 2011-2012 സാമ്പത്തിക വർഷം 175.18 കോടി രൂപയും ആയിരുന്നു. |
| (സി) | പ്രസ്തുത നികുതി കുടിശ്ശിക ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | വകുപ്പിൽ കഴിഞ്ഞ വർഷം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കണക്ക് തസ്തിക തിരിച്ച് അറിയിക്കുമോ; | (ഡി) | വകുപ്പിൽ കഴിഞ്ഞ വർഷം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കണക്ക് ചുവടെ ചേർക്കുന്നു. |
| (ഇ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ തസ്തികയിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലിവിൽ 10 ഒഴിവുകൾ ഉണ്ട്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുൾപ്പെടെ മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ് . |

(ഡി) ഉത്തരത്തിലെ പട്ടിക:

| തസ്തിക | എണ്ണം |
|---|---|
| എൽ.ഡി.സി | 71 |
| അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 17 |
| ഡ്രൈവർ | 8 |
| പ്യൂൺ | 21 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ആകെ | 118 |

സെക്ഷൻ ഓഫീസർ